കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തരൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16
സാമ്പത്തിക വർഷം

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി10/27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി-30.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തരൂർ ഗ്രാമപഞ്ചായത്ത് - 2015 – 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി10/27/2016 തിയ്യതി: 30.12.2016

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്തിന്റെ 2015 -16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 13.7.2016 മുതൽ 28.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31-10-2016 മുതൽ 7-11-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബിജുആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവപ്രസാദ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അനിത | 01-04-2015 മുതൽ 31-10-2015 |
| | മനോജ്.എസ്. | 1-11-2015മുതൽ 31-3-2016വരെ |
| സെക്രട്ടറി | അനിതകുമാർ.എൽ (ഇൻ ചാർജ്) | 1-04-2015 മുതൽ 23-4-2015 വരെ |
| | കെ.സുരേഷ് കുമാർ | 24-04-2015 മുതൽ 4-7-2015വരെ |
| | ഐ.അലി (അഡീ. ചാർജ്) | 5-7-2015മുതൽ 31-7-2015വരെ |
| | മനോജ്. എസ്. | 1-8-2015മുതൽ 31-3-2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.എഞ്ചിനിയർ | പി.ഗോപാലകൃഷ്ണൻ | 01-04-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ശ്രീകാന്ത് | 1-4-2015മുതൽ 4-6-2015വരെ |
| | ഡോ. രമ്യ. കെ.സി | 5-6-2015മുതൽ 30-6-2015വരെ |
| | ഡോ.രാമകൃഷ്ണൻ.എം. | 1-7-2015മുതൽ 31-3-2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ.എ.വി | 1-4-2015മുതൽ 15-2-2016വരെ |
| | ഡോ.സുരേഷ് ബാബു | 16-2-2016മുതൽ 31-3-2016വരെ |
| വെറ്ററിനറി സർജൻ | ഡോ. പ്രേം കുമാർ | 1-4-2015മുതൽ 31-3-2016വരെ |
| കൃഷി ഓഫീസർ | റാണി പ്രകാശ് | 01-04-2015 മുതൽ 31-3-2016വരെ |
| ICDS സൂപ്പർവൈസർ | രമണി. | 01-04-2015 മുതൽ 26-8-2015 വരെ |
| | ജഗബർണീസ | 27-8-2015 വുതൽ 30-9-2015വരെ |
| | വത്സല ദേവി | 1-10-2015 മുതൽ 31-03-2016വരെ |
| വി.ഇ.ഒ | ശ്രീവിദ്യ | 01-04-2015മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | സി.കമല | 1-4-2015മുതൽ 31-3-2016വരെ |
| അസി. സെക്രട്ടറി | അനിത കുമാർ | 1-4-2015മുതൽ 8-9-2015വരെ |
| | പ്രസാദ് . പി. | 9-9-2015മുതൽ 31-3-2016 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | വിശദാംശങ്ങൾ | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം -1 | |
| 1 | പൊതു അവലോകനം | |
| | ഭാഗം- 2 | |
| 2 | വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം | 2-1 |
| 3 | വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക | 2-2 |
| 4 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-3 |
| 5 | ന്യൂ ബിൽഡിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 2-4 |
| 6 | തൊഴിൽനികുതി പിരിവ് അപാകതകൾ | 2-5 |
| 7 | ഡി&ഒ ലൈസൻസ് ഫീസ് - അപാകതകൾ | 2-6 |
| | ഭാഗം -3 | |
| 8 | ഓട്ടോറിക്ഷ പരിശീലനം-മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനത്തിന് തുക നൽകിയത് ഈടാക്കേണ്ടതാണ് | 3-1 |
| 9 | പ്രവൃത്തിയുടെ യഥാർഥ അളവിനെക്കാൾ കൂടുതൽ അളവിന് തുക നൽകിയിരിക്കുന്നു. അധിക ത്തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-2 |
| 10 | മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയ നിർമാണ പ്രവൃത്തി നടത്തിയിരിക്കുന്നു. | 3-3 |
| 11 | ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല.തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 12 | മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. | 3-5 |
| 13 | പദ്ധതിഫണ്ടുപയോഗിച്ച് നടത്തേണ്ട പ്രവൃത്തിക്ക് തനതുഫണ്ടിൽ നിന്ന് തുക നൽകിയത് റീക്കുപ്പ് ചെയ്തിട്ടില്ല. | 3-6 |

| | | |
|---|---|---|
| 14 | ആശ്രയഫണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കാത്തത് സംബന്ധിച്ച് | 3-7 |
| 15 | മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| 16 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - പ്രൊജക്ടിലെ അപാകതകൾ | 3-9 |
| 17 | സമ്പൂർണ്ണ ശുചിത്വം-കക്കൂസ് നിർമ്മാണം-ചെലവ് രേഖകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 3-10 |
| 18 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ തുടർവിനിയോഗ വിവരം ലഭ്യമല്ല | 3-11 |
| 19 | അംഗൻവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-12 |
| 20 | തെരുവ് വിളക്കുകൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. | 3-13 |
| 21 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് വൻബാദ്ധ്യതയാകുന്നു. | 3-14 |
| 22 | വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-15 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-16 |
| 24 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം | 3-17 |
| | ഭാഗം -4 | |
| 25 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |



# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരുമാനം നം. |
|---|---|---|
| 2015-16 | 31-3-2015 | 1 |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-7-2016 | 31-7-2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിൽ അക്കൌണ്ടസ് സർട്ടിഫിക്കറ്റ് പ്രകാരം സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകൾ അതേപടി സ്വീകരിച്ചാണ് ചുവടെയുള്ള ഭാഗത്തിൽ ചേർത്തിട്ടുള്ളത്.

| | |
|---|---|
| മുന്നിരിപ്പ് | 21377975.91 |
| വരവ് | 37202649 |
| ആകെ | 58580624.91 |
| ചെലവ് | 56006862 |
| നീക്കിയിരിപ്പ് | 2573762.91 |

1-5 ഫണ്ട് വിനിയോഗം- 2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3060888 | 1707806+ 7704685(TC) | 12473379 | 12473379 | 0 |
| വികസനഫണ്ട് എസ്.സി.പി. | 5816667 | 8308741 | 14125408 | 11997694+ 2127714(TC) | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1448464 | 3884123 | 5332587 | 5332587 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1640037 | 1795075 | 3435112 | 3083887+ 351225(TC) | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2601916 | 5144784 | 7746700 | 5019003+ 2727697(TC) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3663702 | 923459 | 4587161 | 1795167+ 2791994(TC) | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 73693 | 493768 | 567461 | 561785 | 5676 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 2344850 | 2344850 | 2344850 | 0 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 152 | 59999118 | 115 | 40812241 | 37 | 87 |

1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2703002 | 1624548 | (-)1078454 | (-)40 |
| നികുതിയേതര വരവുകൾ | 451721 | 667678 | 215957 | 48 |
| മറ്റുവരവുകൾ | 34260 | 186331 | 152071 | 443 |
| ആകെ | 3188983 | 2478557 | (-)710426 | (-)22 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം (-)22 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30000 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 6464100 | 875 |
| വിധവാപെൻഷൻ | 8953600 | 950 |
| വാർദ്ധക്യകാലപെൻഷൻ | 11817870 | 1468 |
| വികലാംഗപെൻഷൻ | 3262595 | 332 |
| അവിവാഹിത പെൻഷൻ | 560080 | 58 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-11-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1925 /- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ സെക്ഷനുകളിൽ പേഴ്സണൽ റജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. അറ്റൻഡൻസ് റജിസ്റ്ററിൽ ചില കോളങ്ങൾ ഒപ്പുകൾ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നു. പഞ്ചായത്തിൽ ജീവനക്കാരുടെ ഇൻക്യുബൻസി റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥലം മാറിപ്പോയതും റിട്ടയർചെയ്തതുമായ ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാകുന്നില്ല.

മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.എം ബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനൊപ്പം സോഷ്യൽ മാപ്പ് സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-10-2016 | 1-9-16 മുതൽ 30-9-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-7-08 | 2007-08 | 28-5-10 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ചുമത്തിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടം

താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഉടമകൾക്ക് 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്ത് വിവിധ വ്യാപാരങ്ങൾ തുടങ്ങുന്നതിനുള്ള ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്

സംബന്ധിച്ച ഡി&ഒ ഡിമാന്റ് രജിസ്റ്ററും വസ്തുനികുതിയുടെ സഞ്ജയ സോഫ്റ്റ് വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ വ്യാപാര സ്ഥാപനങ്ങൾക്ക് പാർപ്പിടാവശ്യത്തിനുള്ള വസ്തു നികുതിയാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടെത്തി.

| ക്രമ നം. | ഡി&ഒ ലൈസൻസ് നം. | ഡി&ഒ ലൈസൻസ് ആവശ്യം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | വസ്തുനികുതി നിർണ്ണയിച്ച-വിഭാഗം | ഈടാക്കിയ വസ്തു നികുതി | ഏകദേശ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 60/15-16 | കഥകളി ഫുഡ് പ്രൊഡക്ട്സ് | IX/6 | 54 | പാർപ്പിടാവശ്യം | 261 | 54*50-54*6= 2376 രൂപ |
| 2 | 156/15-16 | കോഴി വിൽപ്പന | IX/444 | 7 | പാർപ്പിടാവശ്യം | 43 | 7*50-7*6= 308 |

100 ചതുരശ്ര മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലുള്ള നികുതിയാണ് പഞ്ചായത്ത് നിശ്ചയിച്ചത് പ്രകാരം ചുമത്തേണ്ടത്. എന്നാൽ മേൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 6 രൂപ നിരക്കിൽ (പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ) മാത്രമാണ് നികുതി ചുമത്തിയിട്ടുള്ളത്. ആയതുമൂലം പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ മേൽപ്രകാരം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6)ക്ക് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1 ൽ നിലവിൽ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നും ക്രമ നമ്പർ 2 ൽ കെട്ടിടം വ്യാപാര ആവശ്യത്തിനുള്ളതു തന്നെയാണ് എന്നും വ്യാപാര ആവ്ശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഫീൽഡ് വിസിറ്റ് ഉൾപ്പെടെയുള്ള നടപടികൾ കാര്യക്ഷമമായി സ്വീകരിച്ച് കൃത്യമായ നിരക്കിൽ തന്നെ നികുതി നിശ്ചയിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ഇത്തരത്തിലുള്ള നികുതി വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 2-2 വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക

പഞ്ചായത്ത് നടത്തുന്ന വിവിധ കുടിവെള്ള പദ്ധതികളിലായി ആകെ 1042 കണക്ഷനുകൾ ഉണ്ട്. പ്രതിമാസം 50രൂപ നിരക്കിലാണ് വാട്ടർ ചാർജ് നിശ്ചയിച്ചിട്ടുള്ളത്. ഇയ്യിനത്തിൽ 2015-16 വർഷാവസാനം മുൻ വർഷങ്ങളിലേതുൾപ്പെടെ ആകെ 7,42,155 രൂപ പിരിച്ചെടുക്കാനായി ബാക്കിയുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2015-16 | 6,25,200 | 3,14,593 | 3,10,607 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 5,40,288 | 1,08,740 | 4,31,548 |
| ആകെ കുടിശ്ശിക | | | 7,42,155 |

വെള്ളക്കരം ഇനത്തിൽ ഭീമമായ കുടിശ്ശിക പിരിച്ചെടുത്ത് തനതു വരുമാനം കുറവായ പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ പ്രത്യേകം ക്ഷണിക്കുന്നു.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിലെ ആകെ 2 എണ്ണത്തിൽ നിന്നുംമാത്രമാണ് പഞ്ചായത്ത് വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്നമ്പർ/കെട്ടിട നമ്പർ | ടവറിന്റെ പേര് | 2015-16 വർഷത്തെ ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| VIII/406 | ഇൻഡസ് ടവർ | 4620 | 0 |
| IX/421 | ഇൻഡസ് ടവർ | 18900 | 0 |

എന്നാൽ പ്രസ്തുത ടവറുകൾ വസ്തു നികുതിഇനത്തിൽ ഒരു രൂപ പോലും പഞ്ചായത്തിൽ നാളിതുവരെയും അടവാക്കിയിട്ടില്ല. കൂടാതെ സർക്കാർ ഉത്തരവ്(സാധാ) 2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാവുന്നതാണെങ്കിലും വാർഡ് 2 ൽ പ്രവർത്തിക്കുന്ന BSNL മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി, പഞ്ചായത്ത് പരിധിയിലെ മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസും (പെർമിറ്റ് എടുക്കാത്തവയ്ക്ക്), വസ്തു നികുതിയും ഈടാക്കുന്നതിന് സർക്കാർ 19.10.2014 ലെ 40395/RC2/2014 lsgd സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു.ആയത് പ്രകാരമുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിക്കാത്തതിനാൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വ്യക്തമായ കണക്കുകൾ പഞ്ചായത്തിന്റെ പക്കൽ ലഭ്യമല്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ് ഫീസ് (പെർമിറ്റ് എടുക്കാത്തവയ്ക്ക് -25000 രൂപ) ഈടാക്കുന്നതിനും, വസ്തു നികുതി മുൻകാലങ്ങളിലെ കുടിശ്ശികയടക്കം ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ന്യൂ ബിൽഡിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2015-16 വർഷത്തിൽ പഞ്ചായത്തിൽ പുതുതായി കെട്ടിട നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ന്യൂ ബിൽഡിംഗ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തത്

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അതാത് വാർഡിലെ ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പുതുതായി കെട്ടിട നികുതി നിർണ്ണയിച്ച കെട്ടടിങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ന്യൂ ബിൽഡിംഗ് രജിസ്റ്റർ നിർബന്ധമായി തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി പിരിവ് അപാകതകൾ

തൊഴിൽനികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1. 1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത്, അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015-16 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ആധാരം എഴുത്തുകാരിൽ നിന്നും ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
2. 2015-16 വർഷത്തിൽ കെട്ടിട നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്നനിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി 94-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം, അത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് സ്ഥാപനം നോട്ടീസ് നല്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് ഫീസ് - അപാകതകൾ

2015-16 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിച്ചതിലും ഫീസ് വരവിലും സംഭവിച്ച അപാകതകൾ ചുവടെചേർക്കുന്നു.

1)ലൈസൻസ് ഫീസ്-സ്ഥാപനങ്ങളുടെ എണ്ണത്തിലും ലൈസൻസ് ഫീസ് വരവിലും കുറവ്

ഡിമാന്റ് രജിസ്റ്റർ പ്രകാരം 2014-15 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ആകെ വരവ് 31600 രൂപയാണ്.എന്നാൽ 2015-16 വർഷം ടി ഇനത്തിൽ ആകെ വരവ് 29270രൂപയായിആയി കുറവ് വന്നിട്ടുണ്ട്.മാത്രമല്ല 2014-15 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 216ആണ്. 2015-16 ൽ ഇത് 186ആയി കുറഞ്ഞിട്ടുണ്ട്.സ്ഥാപനങ്ങളുടെ എണ്ണത്തിലും ലൈസൻസ് ഫീസ് വരവിലും കുറവ് വന്നതിനും വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടം അനുസരിച്ച് ,പട്ടിക 1 ൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. റേഷൻകടകൾ,കള്ള് ഷാപ്പുകൾ ഉൾപ്പെടെ പഞ്ചായത്തിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

3)കോഴി ഫാം മലിനീകരണ നിയന്ത്രണബോർഡിന്റ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും കോഴി ഫാം നടത്തുന്നതിനായി അനുവദിച്ച ചുവടെ ചേർക്കുന്ന ഡി& ഒ ലൈസൻസിന്റെ അപേക്ഷയൊടൊപ്പം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റ അനുമതി സമർപ്പിച്ചിരുന്നില്ല, എങ്കിലും അവയ്ക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ലൈസൻസ് നമ്പർ - 152/2015-16

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ലഭ്യമാക്കിയ മറുപടിയിൽ വ്യക്തത ഇല്ല.ഇത്തരം അപാകതകൾ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓട്ടോറിക്ഷ പരിശീലനം-മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനത്തിന് തുക നൽകിയത് ഈടാക്കേണ്ടതാണ്

പ്രൊജക്ട് : യുവതീ യുവാൾക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്ത് ഓട്ടോറിക്ഷ വാങ്ങാൻ

ധനസഹായം നൽകൽ

പ്രൊജക്ട് നമ്പർ : 50/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 2,71,000 (പ്ലാൻ-എസ്.സി.പി)
ചെലവ് : 2,71,000

യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി ലൈസൻസ് എടുത്ത് ഓട്ടോറിക്ഷ വാങ്ങാൻ ധനസഹായം നൽകൽ എന്ന പ്രൊജക്ട് പ്രകാരം 2015-16 ൽ 2,71,000 രൂപ താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|---|
| 1 | 8/15-16 | 21,000 | 18.09.15 |
| 2 | 10/15-16 | 2,50,000 | 30.09.15 |
| ആകെ | | 2,71,000 | |

ഇതിൽ 21,000 രൂപ (3000*7) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയതിന്റെ പേരിൽ (രേഖകൾ ഹാജരാക്കിയില്ല) കൃഷ്ണ ഡ്രൈവിംഗ് സ്കൂൾ, പഴമ്പാലക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഡി.ഡി.നമ്പർ-695218/22.09.15)

| ക്രമനമ്പർ | പേര് |
|---|---|
| 1 | മണികണ്ഠൻ s/o ചീറുമ്പൻ |
| 2 | രമേഷ് s/o .ചിന്നൻ |
| 3 | ഗോപാലകൃഷ്ണൻ s/o കുഞ്ഞൻ |
| 4 | ആശ w/o ഉദയകുമാർ |
| 5 | ജ്യോതി w/o ഗിരീഷ് |
| 6 | പ്രസന്ന D/o വേലായുധൻ |
| 7 | സുധീഷ് s/o രാജൻ |

ഇതിനു ശേഷം 2,50,000 രൂപ (50000*5) താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനായി മാനേജർ, പഞ്ചാബ് നാഷണൽ ബാങ്ക്, പാലക്കാട് എന്ന സ്ഥാപനത്തിന് ഡി.ഡി.നമ്പർ 695522/30.09.15 പ്രകാരം നൽകി.

| ക്രമനമ്പർ | പേര് |
|---|---|
| 1 | ശിവരാജൻ s/o ഈച്ചരൻ |
| 2 | രമേഷ് s/o .ചിന്നൻ |
| 3 | ഗോപാലകൃഷ്ണൻ s/o കുഞ്ഞൻ |
| 4 | സുനിൽ കെ s/o ചന്ദ്രൻ |
| 5 | സുധീഷ് s/o രാജൻ |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം ഡ്രൈവിംഗ് ലൈസൻസ്/ബാഡ്ജ് ഉള്ളവർക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനാണ് ധനസഹായം അനുവദിക്കാവുന്നത്. എന്നാൽ ഇവിടെ 7 പേർക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയതിന് 21000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (13/5.11.16) നൽകിയതിന് വിശദീകരണം ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ നല്കിയ 21000 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കണം.

## 3-2 പ്രവൃത്തിയുടെ യഥാർഥ അളവിനെക്കാൾ കൂടുതൽ അളവിന് തുക നൽകിയിരിക്കുന്നു.അധികത്തുക തിരിച്ചടയ്ക്കേണ്ടതാണ്.

പ്രോജക്ട് നം. 139/16(പദ്ധതി - ജനറ്റ) പ്രകാരം പഞ്ചായത്തിന്റെ പുതിയ ബിൽഡിങ്ങിൽ ക്യാബിൻ നിർമാണം എന്ന പ്രവൃത്തി ചെയ്തതിന് കോഴിക്കോടുള്ള കേരള ആർട്ടിസാൻസ്

ഡെവലപ്പമെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്ന സ്ഥാപനത്തിന് വൌച്ചർ നം. 21500786/27-2-2016പ്രകാരം 535675 രൂ. നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് ടേബിൾ (2എണ്ണം), ക്ലറിക്കൽ ടേബിൾ (8എണ്ണം), എക്സിക്യൂട്ടീവ് ചെയർ (2എണ്ണം), റിവോൾവിംഗ് ചെയർ (12എണ്ണം), ഫ്രണ്ട് ഓഫീസ് ടേബിൾ (1എണ്ണം), അലുമിനിയം ഫാബ്രിക്കേഷൻ(635 ചതുരശ്ര അടി) എന്നിവയാണ് നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

- മേല്പറഞ്ഞ പ്രവൃത്തിയുടെ ബില്ലുകൾ പ്രകാരം അലുമിനിയം ഫാബ്രിക്കേഷന്റെ വിസ്തീർണം 635ച.അടി. രേഖപ്പെടുത്തി ആയതിന് ചതുരശ്ര അടി ഒന്നിന് 320രൂ. വീതം ആകെ ടി ഇനത്തിന് 232664രൂ. ആണ് നൽകിയിട്ടുള്ളത്. എന്നാൽ 7-11-2016ൽ നടത്തിയ സ്ഥലപരിശോധനയിൽ 4 അലുമിനിയം ക്യാബിൻ പാർട്ടീഷൻ കാണുകയും ആയതിന്റെ ആകെ വിസ്തീർണം 367.55ച. അടി. ആയി എൽ.എസ്.ജി.ഡി. എഞ്ചിനീയർ അളന്ന് സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 267.45ച. അടി അലുമിനിയം ഫാബ്രിക്കേഷന്റെ തുക 85584രൂ.(267.45x 320) അധികം നൽകിയതായി കാണുന്നു.
- മേല്പറഞ്ഞ പ്രവൃത്തിയിൽ രണ്ട് ബില്ലുകളാണ് KADCO സമർപ്പിച്ചിട്ടുള്ളത്. ആദ്യബില്ല് (ഇൻവോയ്സ് നം. 290/30-12-15പ്രകാരം 535462രൂ.) KVAT അനുസരിച്ചുള്ള ഫോറം 8B യിൽ ഉള്ള ക്യാഷ് ബിൽ ആണ്. എന്നാൽ രണ്ടാമത്തെ ബിൽ (ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. 10213രൂപയുടെ) KVAT പ്രകാരമുള്ളത് അല്ല. ആയത് ക്യാഷ് ബില്ലും അല്ല. സാധാരണ ക്വട്ടേഷന് ഒപ്പം സമർപ്പിക്കുന്ന ഇൻവോയ്സ് മാത്രമാണ് അത്. ടി ബില്ലിന്റെ അടിസ്ഥാനത്തിൽ തുക നൽകിയത് ക്രമപ്രകാരമല്ല. ഇതോടൊപ്പം ഫയലിൽ വെച്ചിരിക്കുന്ന Acceptance Letter ലും രണ്ടാമത്തെ ബില്ലിന്റെ നം, തീയ്യതി എന്നിവയൊക്കെ തെറ്റായാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ രണ്ടാമത്തെ ബില്ല് ക്രമപ്രകാരമുള്ളതല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/8-11-2016ന് നൽകിയ മറുപടിയിൽ നഷ്ടത്തുക കാഡ്കോയിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും യഥാർഥ ക്യാഷ് സമർപ്പിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

ആയതിനാൽ പഞ്ചായത്തിന് സംഭവിച്ച വ്യക്തമായ നഷ്ടം 85584രൂ. കാഡ്കോയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്. കൂടാതെ രണ്ടാമത്തെ ബില്ല് പ്രകാരം നൽകിയ 10213രൂ. തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-3 മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയ നിർമാണ പ്രവൃത്തി നടത്തിയിരിക്കുന്നു - തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രവൃത്തി മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടത്തിയിരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0145/16 |

| | |
|---|---|
| | വെറ്റിനറി ഹോസ്പിറ്റലിന് സൈഡിൽ റൂഫിംഗ് നടത്തൽ |
| അടങ്കൽ, ഫണ്ട് ഇനം | 2,50,000രൂ , MG(Non Road) |
| എഗ്രിമെന്റ് നം, തീയ്യതി | 43/1516 Dt.3-10-2015 |
| കൺവീനർ | k.C. തങ്കപ്പൻ |
| പ്രവൃത്തി മൂല്യം | 249975 |
| എം.ബുക്ക് | 53/15-16 |
| ബിൽ നം.തീയ്യതി, തുക | Final Bill:64/15-16 Dt31-3-16, Rs.249975 |

മേല്പറഞ്ഞ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കുടുംബശ്രീപോലുള്ള സംരംഭങ്ങൾക്ക് ചന്ത നടത്തുന്നതിനായി ഒരു ഷെഡ്ഡും അതിനോടനുബന്ധിച്ച് ഒരു ടോയ് ലറ്റും പണിയുന്നതിന് ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് ആവശ്യമായ ഇനങ്ങളാണ് (മൺപണി, കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ, ചുമർപണി, ടൈൽ ഉപയോഗിച്ച് നിലം പണി, ഷീറ്റ് മേയൽ എന്നിവ) എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.
എം.ബുക്ക് പ്രകാരം മേല്പറഞ്ഞ ഇനങ്ങളാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ആദ്യ ഉത്തരവുകളിലും തുടർന്ന് വന്ന വിശദികരണ സർക്കുലറുകളിലും കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽക്കൂര മാറ്റൽ അനുവദനീയമാണ് എങ്കിലും കൈമാറിയ സ്ഥാപനത്തിന് മുകളിൽ ആണ് ആയത് നിർവ്വഹക്കേണ്ടത്. പുതിയ നിർമിതിക്ക് വേണ്ടി മേൽക്കൂര പണിയുന്നതിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. മേല്പറഞ്ഞ കാരണങ്ങളാൽ ചെലവ് തുക 249975രൂ. തടസ്സപ്പെടുത്തുന്നു.

# 3-4 ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 129/16 (മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി വൌച്ചർ നം. 21500897/28-3-2016 പ്രകാരം 73680രൂ. പി.എസ്. വെങ്കിട്ടരമണൻ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

- എത്ര ലൈറ്റുകൾ, ഏതൊക്കെ ഇനങ്ങളിൽ പെട്ടവ, ഏതു നിരക്കിൽ പ്രവൃത്തി ചെയ്തു എന്നീ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല.
- ക്വട്ടേഷൻ/ ടെണ്ടർ വിളിച്ചത് സംബന്ധിച്ച് വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
- ലൈറ്റുകൾ നന്നാക്കിയത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ അല്ലാതെ ആധികാരികമായ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല.

(മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല, കെ.എസ്.ഇ.ബി.യിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തൽ ഇല്ല). മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ പലതും അപൂർണ്ണവുമാണ് (വാർഡ് നം. രേഖപ്പെടുത്തിയിട്ടില്ല, ഏതൊക്കെ ഇനം, എത്ര വാട്ടിന്റെ, എന്നിവയൊന്നും പലതിലും എഴുതിയിട്ടില്ല)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 15/7-11-2016ന് സമർപ്പിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവ് തുക 73680രൂ. തടസ്സപ്പെടുത്തുന്നു.

## 3-5 മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം. 84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ, കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർഥ കാലാവധിയുടെ 20% ഗ്രേസ് പീരയെഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല

| ക്രമനം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | സൈറ്റ് കൈമാറിയ തീയ്യതി | എഗ്രീഡ് പി.എ.സി. | പൂർത്തീകരിക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|---|
| 1 | SO 065/15 | കുനിക്കാൻചിറ തോലുംപുഴ കുന്നിന് ശേഷമുള്ള ഭാഗം റോഡ് കോൺക്രീറ്റിങ്ങ് | 25-3-2015 | 200000 | 31-3-2015 | 29-7-2015 | എ.എൻ.സുരേഷ് കുമാർ |

## 3-6 പദ്ധതി ഫണ്ടുപയോഗിച്ച് നടത്തേണ്ട പ്രവൃത്തിക്ക് തനതുഫണ്ടിൽ നിന്ന് തുക നൽകിയത് റീക്കുപ്പ് ചെയ്തിട്ടില്ല.

വൌച്ചർ നം.51500110/19-5-15പ്രകാരം 48000രൂ. കെ.എസ്.ഇ.ബി. ക്ക് സൂപ്പർവിഷൻ ചാർജ് നൽകിയിട്ടുണ്ട്. പ്രോജക്ട് നം. 25/16- എൽ. ഇ. ഡി. ബൾബ് സ്ഥാപിക്കൽ (പദ്ധതി ഫണ്ട്-ജനറൽ) എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഈ തുക തനത് ഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. തൻവർഷം ആയതിന് പ്രാജക്ട് വെച്ചിട്ടുണ്ടെങ്കിലും പദ്ധതി ഫണ്ടിൽ നിന്ന് ചെലവ് നടത്തിയിട്ടില്ല. ആയതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സാമ്പത്തിക വർഷാവസാനം വരെയും പദ്ധതി ഫണ്ടിൽ നിന്നും റീക്കുപ്പ് ചെയ്തിട്ടില്ല. തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്ന ഇത്തരം പ്രവണതകൾ

ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന തുക ചെലവഴിക്കാത്തത് സംബന്ധിച്ച്

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/ 12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ (എം.എസ്) നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

തരൂർ ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| 2013-16 ൽ ആരംഭിച്ചത് | | | |
|---|---|---|---|
| ക്രമ നം. | ഇനം | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് | 28 | 2 |
| 2 | വീട് വക്കാൻ സ്ഥലം ആവശ്യമുള്ളവർ | 1 | - |
| 3 | വീട് റിപ്പയർ | 26 | 4 |
| 4 | കുടിവെള്ളം | 32 | - |
| 5 | കക്കൂസ് | 31 | - |
| 8 | കറണ്ട് | - | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടപദ്ധതിയിൽ 113 അഗതികളാണ് ഉള്ളത്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അർഹരായവർ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെട്ടതെന്ന് ഉറപ്പാക്കാൻ മോണിറ്ററിംഗ് നടത്തിയിട്ടില്ല. കുടുംബശ്രീ പഞ്ചായത്തുതല സമിതിയുടെ സി.ഡി.എസ് നേതൃത്വത്തിൽ കുടുംബശ്രീ ചാർജ്ജ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതിയുടെ നിർവ്വഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായും പ്രവർത്തന കലണ്ടറിൽ വിഭാവനം ചെയ്തതനുസരിച്ചും ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്.

ആശ്രയ പദ്ധതിക്ക് വേണ്ടി 2014-15, 2015-16 വർഷങ്ങളിൽ താഴെ പറയും പ്രകാരം തുകകൾ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്.

| വർഷം | തുക | വരവ് വന്ന തീയ്യതി |
|---|---|---|
| 2014-15 | 8,00,000 | 16.5.2015 |
| 2015-16 | 8,00,000 | 17.8.2015 |

ആയതിൽ വീട് നിർമ്മാണം, വീട് റിപ്പയർ എന്നിവക്ക് വേണ്ടി നാളിതു വരെ 5,65,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക അർഹരായവർക്ക് ആവശ്യാനുസരണം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മീഡിയാശ്രീ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് : മീഡിയാശ്രീ

പ്രൊജക്ട് നമ്പർ : 78/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 65,000 (പ്ലാൻ-ജനറൽ )

ചെലവ് : 65,000

ബിൽ നമ്പർ : 5/15-16 dt 21.07.15

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മീഡിയാശ്രീ എന്ന പ്രോജക്ട് നടപ്പാക്കുന്നതിലേക്കായി 65000/-രൂപ പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ - പ്രൊജക്ടിലെ അപാകതകൾ

പ്രൊജക്ട് : എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ

പ്രൊജക്ട് നമ്പർ : 10/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 6,00,000(പ്ലാൻ- എസ്.സി.പി)

ചെലവ് : 5,99,949

ബിൽ നമ്പർ : 7/15-16 dt 19.08.15 Rs. 3,99,949

23/15-16 dt 21.03.16 Rs 2,00,000

എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം 150 വിദ്യാർത്ഥികൾക്ക് കസേര (പ്ലാസ്റ്റിക്), മേശ എന്നിവ വാങ്ങിയ ഇനത്തിൽ 5,99,949 രൂപ സിഡ്കോക്ക് നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 362/2013 തസ്വഭവ 16.11.2013 പ്രകാരം മരം അല്ലെങ്കിൽ സ്റ്റീലിന്റെ കസേര വാങ്ങി നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇതിനു പകരം പ്ലാസ്റ്റിക് കസേരയാണ് വാങ്ങി നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/5.11.16) മാർഗ്ഗനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-10 സമ്പൂർണ്ണ ശുചിത്വം-കക്കൂസ് നിർമ്മാണം-ചെലവ് രേഖകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

പ്രൊജക്ട് : സമ്പൂർണ്ണ ശുചിത്വം-കക്കൂസ് നിർമ്മാണം

പ്രൊജക്ട് നമ്പർ : 33/15

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

അടങ്കൽ : 4,89,500(പ്ലാൻ- ജനറൽ-80,100

സെൻട്രൽ-4,09,400)

ചെലവ് : 1,38,400(പ്ലാൻ ജനറൽ-23,400

സെൻട്രൽ-1,15,000)

ബിൽ നമ്പർ : 6/15-16 dt 19.08.15 Rs. 15,300

11/15-16 dt 26.02.16 Rs. 8,100)

സമ്പൂർണ്ണ ശുചിത്വം-കക്കൂസ് നിർമ്മാണം പഞ്ചായത്ത് വിഹിതമായി 1,15,000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (4/3.11.16) നൽകിയെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-11 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ തുടർവിനിയോഗ വിവരം ലഭ്യമല്ല

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പ്രൊജക്ട് പ്രകാരം 2015-16 വർഷത്തിൽ താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | പ്രൊജക്ട് നമ്പർ | തുക | ബിൽനമ്പർ / തീയ്യതി |
|---|---|---|---|---|
| 1 | 2015-16 | 7 | 1,00,000 | 25/15-16 dt 31.03.16 |

തെരഞ്ഞെടുത്ത 10 അയൽക്കൂട്ടങ്ങൾക്ക് രൂപ 10,000 വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനായി നടപ്പാക്കിയ പദ്ധതിയാണിത്. എന്നാൽ ടി പദ്ധതിയിൻ കീഴിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയ തുക എന്താവശ്യത്തിന് വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല. പ്രസ്തുത യൂണിറ്റുകളിൽ ഏതെല്ലാം പ്രവർത്തന ക്ഷമമാണെന്നോ നിഷ്ക്രിയമാണെന്നോ ഉള്ള വിവരം ലഭ്യമല്ല. സ.ഉ.(എം.എസ്) നം. 82/2000 ത.സ്വ.ഭ.വ. തീയ്യതി 14.03.2000 പ്രകാരം തൊഴിൽ സംരഭങ്ങൾ ആരംഭിക്കാതിരിക്കുകയോ, പ്രവർത്തനം നിർത്തലാക്കുകയോ ചെയ്യുമ്പോൾ അനുവദിക്കുന്ന

ധനസഹായം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുകയും വേണം.

10,000 രൂപ റിവോൾവിംഗ് ഫണ്ട് നൽകിയ നന്ദനം കുടുംബശ്രീക്ക് നൽകിയ തുക നാളിതു വരെയായിട്ടും നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ 2011-12 ൽ പ്രസ്തുത ഗ്രൂപ്പിന് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. പ്രസ്തുത തുക പഴമ്പാലക്കോട് കാനറ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുകയാണ്. ആയത് അർഹരായ യൂണിറ്റുകൾക്ക് നൽകുകയോ അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

# 3-12 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തരൂർ പഞ്ചായത്തിനു കീഴിലുള്ള 25 അംഗൻവാടികളെ സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സൂചകങ്ങൾ | കണ്ടെത്തൽ |
|---|---|---|
| 1 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം | 25 |
| 2 | അംഗൻവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ വിവരം | സൂപ്പർവൈസർ - 1<br><br>വർക്കർമാർ - 25<br><br>ഹെൽപ്പർമാർ - 25 |
| 3 | കെട്ടിടമില്ലാത്ത അംഗൻവാടികളുടെ എണ്ണം | 10 |
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം | 9 |
| 5 | സൌജന്യമായി ലഭിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണം | 1 |
| 6 | വൈദ്യുതീകരിച്ച അംഗൻവാടികളുടെ എണ്ണം | 8 |
| 7 | വൈദ്യുതീകരിച്ച അംഗൻവാടികളിലുള്ള സൌകര്യങ്ങൾ | ഉണ്ട്. |
| 8 | അംഗൻവാടികൾ വൈദ്യുതീകരിക്കാൻ പ്രൊജക്ട് രൂപപ്പെടുത്തിയിട്ടുണ്ടോ? | ഉണ്ട്. |

| | | |
|---|---|---|
| 9 | സ്വന്തമായി ജലസ്രോതസ്സുള്ള അംഗൻവാടികളുടെ എണ്ണം | 15 |
| 10 | ജലവിതരണ സംവിധാനങ്ങളുണ്ടായിട്ടും ജലം ലഭിക്കാത്ത അംഗൻ വാടികളുടെ എണ്ണം. | 10 |
| 11 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് ഉള്ള അംഗൻവാടികളുടെ എണ്ണം | 2 |
| 12 | ചുറ്റുമതിൽ ഉള്ള അംഗൻവാടികളുടെ എണ്ണം | 13 |
| 13 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 14 | സ്വന്തമായി സ്ഥലം, കെട്ടിടം ഇല്ലാത്ത അംഗൻവാടികളുടെ എണ്ണം | 7 |
| 15 | കെട്ടിട നിർമാണം നടക്കുന്ന അംഗൻവാടികളുടെ എണ്ണം | 3 |
| 16 | അംഗൻവാടിക്ക് സ്ഥലം വാങ്ങാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 17 | ഭക്ഷ്യധാന്യം സൂക്ഷിക്കാൻ പെട്ടികളുള്ള അംഗൻവാടികളുടെ എണ്ണം. | 25 |
| 18 | ഗ്യാസ് കണക്ഷൻ ഉള്ള അംഗൻവാടികളുടെ എണ്ണം | 25 |
| 19 | കളിപ്പാട്ടങ്ങൾ ഉള്ള അംഗൻവാടികളുടെ എണ്ണം | 25 |
| 20 | വെൽഫെയർ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? | ഉണ്ട് |
| 21 | ഭക്ഷ്യവസ്തുക്കൾ എവിടെ നിന്നും വാങ്ങുന്നു? | മാവേലി സ്റ്റോർ |

പഞ്ചായത്തിൽ 25 അംഗൻവാടികൾ ഉള്ളതിൽ 10 എണ്ണം സ്വന്തമായി കെട്ടിടം ഇല്ലാത്തവയും 17 എണ്ണം വൈദ്യുതികരിക്കാത്തവയുമാണ്. രണ്ട് അംഗൻവാടിയിൽ മാത്രമാണ് ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സംവിധാനം ഉള്ളത്. അംഗൻവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 തെരുവ് വിളക്കുകൾ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

തൻവർഷം തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ ഓരോ മാസവും കെ.എസ്.ഇ.ബി യിലേക്ക് തുകകൾ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന രജിസ്റ്റർ (തൻവർഷത്തേത്) പരിശോധനയ്ക്ക്

സമർപ്പിച്ചതിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തുകയോ സ്ഥിതിവിവരങ്ങൾ തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ ഓരോ മാസവും നൽകുന്ന തുക ക്രമാനുസരണം ആണോ പാഴ്ചെലവ് സംഭവിക്കുന്നുണ്ടോ എന്നൊന്നും വ്യക്തമാക്കാൻ സാധിക്കയില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പഞ്ചായത്തിന് വൻബാദ്ധ്യതയാകുന്നു

ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്ന12 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 2015-16 സാമ്പത്തിക വർഷത്തിൽ 12 പമ്പ് ഹൗസുകളും 5 പമ്പ് ഓപ്പറേറ്റർ മാത്രം നിലവിലുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഇയ്യിനത്തിൽ തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം ആകെ 18,35,799 രൂപയുടെ ചെലവ് നടന്നിട്ടുണ്ട്.

| വർഷം | വൈദ്യുതി ചാർജ് | പമ്പ് ഓപ്പറേറ്റർ മാരുടെ വേതനം | അറ്റകുറ്റപണികൾക്കുള്ള ചെലവ് | ആകെ ചെലവ് |
|---|---|---|---|---|
| 2015-16 | 13,96,860 | 4,11,750 | 27,189 | 18,35,799 |

പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിലുള്ള 1042 ഗാർഹിക കണക്ഷനുകളിലെ ഉപഭോക്താക്കളിൽ നിന്നും കുടിവെള്ള ചാർജജ് ഇനത്തിൽ 2015-16 വർഷത്തിൽ പിരിഞ്ഞുകിട്ടിയതും കിട്ടാനുള്ളവയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 2015-16 | 6,25,200 | 3,14,593 | 3,10,607 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 5,40,288 | 1,08,740 | 4,31,548 |

2015-16 വർഷത്തിൽ മാത്രം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 18,35,799 രൂപയുടെ ഭീമമായ ചെലവ് നടന്നിട്ടുണ്ടെങ്കിലും കുടിവെള്ള ചാർജജ് ഇനത്തിൽ 6,25,200 രൂപയുടെ ഡിമാന്റ് മാത്രമെയുള്ളൂ (പ്രതിമാസ വെള്ളക്കരം 50 രൂപ മാത്രമാണ്). ആയതിൽ തന്നെ 3,10,607 രൂപ തൻവർഷം പിരിച്ചെടുക്കാൻ ബാക്കിയായിട്ടുണ്ട്.

പദ്ധതിയുടെ ഭീമമായ ചെലവും, സാങ്കേതിക മേൽനോട്ടത്തിന്റെ അപര്യാപ്തതയും കണക്കിലെടുക്കുമ്പോൾ പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് തലത്തിൽ പ്രായോഗികമല്ല. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകളും പരിമിതമാണ്. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയില്ലെങ്കിൽ പദ്ധതി നടത്തിപ്പ് പഞ്ചായത്തിന് ബാദ്ധ്യതയാകുന്നതാണ്.

ഈ സാഹചര്യത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സംരക്ഷണം സംബന്ധിച്ച സർക്കാർ ഉത്തരവ് (സാധാ) നം-1275/2009/ത.സ്വ.ഭ.വ 30.05.09ലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണ്. ഇത്തരം ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്ന സ്കീമുകളുടെ നടത്തിപ്പ് ചെലവുകൾ, മെയ്ന്റനൻസ് എന്നിവ പഞ്ചായത്ത് വഹിക്കുവാൻ പാടില്ല. ആയത് ഗുണഭോക്തൃസമിതികളാണ് വഹിക്കേണ്ടത്. ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള ജലനിധി, സ്വജൽധാര എന്നിവയുടെ ഭാഗമായി കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതും പരിഗണിക്കാവുന്നതാണ്.

## 3-15 വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ പദ്ധതി നടത്തിപ്പിൽ അപാകതകൾ

പ്രൊജക്ട് നമ്പർ 17/2015-16

പ്രൊജക്ടിന്റെ പേര് തരൂർ പഞ്ചായത്തിലെ എൽ.പി. സ്കൂളിലേയും യു.പി.സ്കൂളിലേയും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ

അടങ്കൽ 3 ലക്ഷം രൂപ

ചെലവ് 299200(വികസനഫണ്ട്- 279750,ധനകാര്യ കമ്മീഷൻ അവാർഡ് -19450)

നിർവഹണഉദ്യോഗസ്ഥൻ HM,G.L.P.S വാവുള്ള്യാപുരം

മേൽപദ്ധതി പ്രകാരം പഞ്ചായത്തിലെ 8 എൽ.പി., യു.പി.സ്കൂളുകളിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നത് ലക്ഷ്യമാക്കി കോപ്പി പുസ്തകങ്ങൾ, കൈപ്പുസ്തകങ്ങൾ എന്നിവ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇയ്യിനത്തിൽ കോപ്പി പുസ്തകങ്ങൾ, കൈപ്പുസ്തകങ്ങൾ എന്നിവ പ്രിന്റ് ചെയ്ത് നൽകിയതിന് കിഷൻ കോപ്പി സെന്റർ, യാംബോ ടവർ, പാലക്കാട് എന്ന സ്ഥാപനത്തിന് ചുവടെ ചേർക്കുന്ന പ്രകാരം ആകെ 299200 രൂപനൽകിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|---|
| 1 | 2/15-16 | 19450 | 22.9.2015 |
| 2 | 3/15-16 | 279750 | 28.10.2015 |

എന്നാൽ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിൽ (സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ തി.16.11.2013) അനുബന്ധം 6.V -ൽ അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും

വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നു വരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽപ്രകാരമുള്ള സർക്കാർ അനുമതി വാങ്ങിക്കാതെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ അനുമതി ലഭ്യമാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ ഭാവിയിൽ നടപ്പിലാക്കുമ്പോൾ സർക്കാർ അനുമതി മുൻകൂർലഭ്യമാക്കി മാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട്- SSA വിഹിതം നൽകൽ(19/15-16)

നിർവഹണ ഉദ്യോഗസ്ഥൻ- HM,G.L.P.S വാവുള്ള്യാപുരം

| ബിൽ നം | തിയതി | ഡി.ഡി.നമ്പർ | തുക |
|---|---|---|---|
| 1/15-16 | 22.09.2015 | 695201 | 310589 രൂപ |
| 5/15-16 | 28.10.2015 | 696510 | 381411 രൂപ |

മേൽ പദ്ധതി പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, SSA ക്ക് ആകെ 7ലക്ഷം രൂപ പട്ടിക പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനായി ഹാജരാക്കേണ്ടതുമാണ്.

## 3-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2015-16 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4668 |

| | | |
|---|---|---|
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 4668 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 306 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 49500000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 163 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 158 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | - |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 20401000 |
| 9 | തൻവർഷത്തെ ചെലവ് | 20401000 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2826 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2612 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 76 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br><br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | ഇല്ല |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കാറുണ്ടോ? | ഉണ്ട്. |
| 16 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | |
| 17 | പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട്. |
| 18 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | - |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2015-16 | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |

| | | | |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം | 81 | 42,60,000 |
| 2 | വരൾച്ച തടയൽ, വനവത്കരണം | - | - |
| 3 | ചെറുകിട ജലസേചനം | 43 | 3575000 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 64 | 68,00,000 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | - | - |
| 6 | ഭൂവികസനം | 50 | 5766000 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | - | - |
| 8 | village Roads | - | - |
| | മറ്റു ചെലവുകൾ | - | - |
| | ആകെ | | 20401000 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

4-4 .(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന |
|---|---|---|---|---|---|---|

| നം. | | | | | മുതൽ | പലിശ | ബാക്കി |
|---|---|---|---|---|---|---|---|
| 1 | EMS, ഭവന പദ്ധതി | G.O.647/2010/ L.S.G.D. 25-2-2010 | 10930125 | 4644099 | 4644099 | - | - |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6. ഓഡിറ്റ് റിക്കവറി

ടി ഇനത്തിൽ തൻവർഷം 4779രൂ. വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | രസീതി നം/തീയ്യതി | ഒടുക്കിയ ആളുടെ പേര് |
|---|---|---|
| 4779 | ചലാൻ നം. 241/26-10-2015 | എം.കെ. ദിവ്യ ,<br>അസി. എഞ്ചിനീയർ |

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8. ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിൽ പ്രാഥമിക ആരോഗ്യകേന്ദ്രം തെങ്കര, ആയുർവ്വേദ ആസ്പത്രി എന്നിങ്ങനെ രണ്ട് സർക്കാർ ആസ്പത്രികളാണ് ഉള്ളത്. ഇവയിൽ നിന്ന് ചാർട്ടേഡ് അക്കൌണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

4-9. ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37202649 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56006862 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 106584 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 333868 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 21000 | എൽ . അനിത കുമാർ, അസി.സെക്രട്ടറി |
| 3-2 | 85584 | മനോജ്.എസ്, സെക്രട്ടറി |

ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10213 | ശ്രീ. മനോജ്.എസ്, സെക്രട്ടറി |
| 3-3 | 249975 | ശ്രീ. പി.ഗോപാലകൃഷ്ണൻ, അസി.എഞ്ചിനീയർ |
| 3-4 | 73680 | ശ്രീ. മനോജ്.എസ് സെക്രട്ടറി |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൽ .അനിതകുമാർ, അസി.സെക്രട്ടറി | | ചെറുവിള വീട്,<br>ഐലം പോസ്റ്റ്,<br>ആറ്റിങ്ങൽ,<br>തിരുവനന്തപുരം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.പി10-34/03/ 13-2-03 | നഷ്ടം ഈടാക്കുന്നതിനായി ഡിഡിപി യെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്ത്. |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.പി10-210/02/ 19-3-02 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-211/02/ 17-3-02 | സർചാർജ്ജ് ശുപാർശ |
| 2000-01 | എൽ.എഫ്.പി10-203/05/ 7-10-06 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-167/08/ 17-04-09 | ഫർദർ റിമാർക്സ് |
| 2002-03 | എൽ.എഫ്.പി10-1091/09/ 21-07-10 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ്.പി10-1092/09/ 19-07-10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-1093/09/ 19-07-10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-1094/09/ 16-01-11 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ്.പി10-1692/11/ 23-11-12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ്.പി10-1091/11(1)/ 23-11-12 | ഫർദർ റിമാർക്സ് |
| 2008-09 | എൽ.എഫ്.പി10-1091/11(2)/ 23-11-12 | ഫർദർ റിമാർക്സ് |
| 2009-10 & 2010-11 | എൽ.എഫ്.പി10-1774/13/ 23-11-13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ്.പി10-2173/14/ 5-3-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-852/15/ 3-6-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 &2014-15 | കെ.എസ്.എ. പി.കെ.ഡി. 10/1366/16/28-7-2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം-1

കെ.എസ്.എ-പികെഡി10/27/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 30.12.2016

സാക്ഷ്യപത്രം

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമ പഞ്ചായത്തിന്റെ 31.3.16 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തരൂർ ഗ്രാമ പഞ്ചായത്ത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- വകുപ്പ് കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 204 എന്നിവ പ്രകാരം തയ്യാറാക്കിയ 2015-2016 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

തരൂർ ഗ്രാമ പഞ്ചായത്ത്

വാർഷിക ധനകാര്യ പത്രിക – 2015-2016

ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .
2. ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.
3. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതിയുടെ തൻ വർഷ തുകകളും കുടിശ്ശിക തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD10/27/2017

Kerala State Audit Department
District Audit Office
Palakkad
Dated – 30.12.2016

CERTIFICATE

Certified that I have examined the Annual Financial Statement of TARUR GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

in my opinion the financial statements of TARUR GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

TARUR GRAMA PANCHAYATH

Abstract of defects-A.F.S 2015-16

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .
2. Budget is not prepared on function -fuctionary basis.
3. The figures shown as the arrear & current balance of property tax in AFS (2015-16) are not in agreement with the figures shown in DCB statement and Sanchaya Software.

Deputy Director